'ഭരണഭാഷ- മാതൃഭാഷ'

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഇ.എം. അബ്ദുൾ അസീസിനെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1207/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/06/2019**

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 10.05.2017-ലെ ഡി16-3221/17 നമ്പർ കുറ്റാരോപണ മെമ്മോ

2 പഞ്ചായത്ത് ഡയറക്ടറുടെ 20.09.2017-ലെ ഡി4-1902/2017 നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 30.12.2017-ലെ ഡി4-1902/2017 നമ്പർ കത്ത്

4 സർക്കാരിന്റെ 09.05.2018-ലെ ഇപിബി3/192/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. ഇ.എം. അബ്ദുൾ അസീസ് സമർപ്പിച്ച 10/09/2018-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 12.03.2019-ലെ ഡി4-1902/17 നമ്പർ കത്ത്

### ഉത്തരവ്

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ ശ്രീ. പട്ടയിൽ കീരങ്ങാട് പ്രദീപ് കുമാറിന്റെ ഉടമസ്ഥതയിലുള്ള റീ സർവ്വേ നമ്പർ 61/3, 61/2-ൽ ഉൾപ്പെട്ട 8.34 ആർ. വിസ്തീർണ്ണമുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന ഹൈസൺ പോളിമേഴ്സ് എന്ന ചെരുപ്പ് നിർമ്മാണ യൂണിറ്റ് കെട്ടിടത്തോട് അനധികൃതമായി ഭാഗങ്ങൾ കൂട്ടിച്ചേർത്തതിനെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളാത്തതും, ടി സ്ഥാപനം അടച്ചു പൂട്ടുന്നതിന് 29.04.2016-ന് WP(C) 16398/16 നമ്പർ ബഹു. ഹൈക്കോടതി നിർദ്ദേശം ഉണ്ടായിട്ടും പ്രസ്തുത വിധിന്യായം നടപ്പിലാക്കാതെ 04.05.2016-ന് ടി സ്ഥാപനത്തിന് ചട്ടവിരുദ്ധമായി ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ഡി&ഒ ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട് അക്കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഇ.എം. അബ്ദുൾ അസീസിന് പരാമർശം (1) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. അബ്ദുൾ അസീസ് 31.05.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സർക്കാർ തലത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 പ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

ബഹു. ഹൈക്കോടതിയുടെ 04.05.2016-ലെ ഉത്തരവ് നടപ്പിലാക്കാതെ ബഹു. തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ 23.03.2016-ലെ വിധിയുടെ അടിസ്ഥാനത്തിൽ 04.05.2016-ൽ ഹൈസൺ പോളിമേഴ്സ് എന്ന സ്ഥാപനത്തിന് ഡി&ഒ ലൈസൻസ് പുതുക്കി നല്കിയതിനാൽ, ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. ഇ.എം. അബ്ദുൾ അസീസിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ച ഉണ്ടായിട്ടുണ്ടെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. ഇ.എം. അബ്ദുൾ അസീസ് 31.05.2017-ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം ശ്രീ. ഇ.എം. അബ്ദുൾ അസീസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ഇ.എം. അബ്ദുൾ അസീസ് പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഇ.എം. അബ്ദുൾ അസീസിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 2 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. അബ്ദുൾ അസീസിനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഇ.എം. അബ്ദുൾ അസീസിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

   (പരാമർശം 2, 3, 4, 5എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ഇ.എം. അബ്ദുൾ അസീസ്, മുൻ സെക്രട്ടറി, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായ്ത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/192/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ